**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5528** **05-07-2024 - ൽ മറുപടിയ്ക്ക്**

**കോഴികൾ ചത്തത് മൂലമുണ്ടായ നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി വിച്ഛേദിക്കുന്നത് സംബന്ധിച്ച് മുന്നറിയിപ്പ നൽകാതിരുന്നത് കാരണം ഊഷ്മാവിൽ വ്യതിയാനം ഉണ്ടായി പൗൾട്രി ഫാമിൽ പരിപാലിച്ചു വന്നിരുന്ന വളർച്ചയെത്തിയ കോഴികൾ ചത്തത് മൂലമുണ്ടായ നഷ്ടം നികത്തുന്നതിന് മതിയായ നഷ്ടപരിഹാരം അനുവദിക്കണമെന്നാവശ്യപ്പെട്ട് കോട്ടക്കൽ ശ്രീ അബ്ദുള്ള, തുടിമ്മൽ, മേച്ചേരിപ്പറമ്പ്, ഇരിമ്പിളിയം, മലപ്പുറം എന്നയാൾ സമർപ്പിച്ച അപേക്ഷ മൃഗസംരക്ഷണ വകുപ്പിൽ ലഭ്യമായിട്ടുണ്ടോ; | (എ) | അപേക്ഷ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റിൽ ലഭിച്ചിട്ടുണ്ട്. |
| (ബി) | അപേക്ഷയിൻമേൽ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) | നഷ്ടപരിഹാരത്തിനായി ബന്ധപ്പെട്ട മൃഗാശുപത്രി വഴി അപേക്ഷ സമർപ്പിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ അപേക്ഷകന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ